വിജ്ഞാനദീപം

ദ്വൈമാസിക

ഫാമിലി യൂണിറ്റ് കേന്ദ്രസമിതി പ്രസിദ്ധീകരണം

വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രൽ

പള്ളിക്കര, കുമാരപുരം പി. ഒ. 683 565

JULY 2012 ⊙ Free and Private Circulation only ⊙ Serial No. 14

വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ ജൂൺ 29

ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെയും ക്രിസ്തുവിന്റെ സുവിശേഷത്തിന് വേണ്ടി ഏറ്റവും അദ്ധ്വാനിച്ച വി. പൗലോസ് ശ്ലീഹായുടെയും രക്തസാക്ഷിത്വത്തിന്റെ അനുസ്മരണ പെരുന്നാൾ ജൂൺ 29-ാം തീയതി വി. സഭ മാറാനായപ്പെരുന്നാളായി ആഘോഷിക്കുന്നു. ശ്ലീഹന്മാരോടുള്ള ആദരവിനെപ്രതി നാം ആചരിക്കുന്ന ശ്ലീഹാനോമ്പ് വീടുന്ന ദിവസവും ജൂൺ 29 ആണ്. 30-ാം തീയതിയാണ് പന്ത്രണ്ട് ശ്ലീഹന്മാരുടേയും ഓർമ്മ വി.സഭ കൊണ്ടാടുന്നത്.

യഹൂദന്മാരുടെ ആചാരം അനുസരിച്ച് ഒരുവനെ ഗുരുവായി അംഗീകരിച്ച് ശിഷ്യന്മാരെ ചേർക്കണമെങ്കിൽ മുപ്പത് വയസ്സ് തികഞ്ഞിരിക്കണം. അതുകൊണ്ടാണ് യേശു തന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നതിന് അതുവരെയും കാത്തിരുന്നത്.

നഫ്താലി ഗോത്രത്തിൽ യോനയുടെ പുത്രനായ ശെമവോൻ ഗലീലായിലെ ബെത്സൈദാ ഗ്രാമത്തിലാണ് ജനിച്ചത്. സഹോദരനായ അന്ത്രയോസിനോടൊപ്പം ഗലീലാ കടലിൽ മീൻ പിടുത്തമായിരുന്നു തൊഴിൽ. യേശുവും പത്രോസും തമ്മിലുള്ള പ്രഥമ സംഗമം ശ്രദ്ധേയമാണ്. അന്ത്രയോസ് തന്റെ സഹോദരൻ ശെമഓനെയേശുവിന്റെ അടുക്കൽ കൂട്ടിക്കൊണ്ട് വന്നപ്പോൾ യേശു അവനോട് ''നീ യൗനായുടെ മകൻ ശെമഓൻ ഇനിയും നീ കീഫ എന്ന് വിളിക്കപ്പെടും'' എന്നു പറഞ്ഞു (വി. യോഹന്നാൻ 1:42). യേശു ഫിലിപ്പോസിന്റെ കേസറിയാ പ്രദേശത്ത് വന്നപ്പോൾ ശിഷ്യന്മാരോട് ''മനുഷ്യ പുത്രനായ ഞാൻ ആരാകുന്നു എന്നാണ് മനുഷ്യർ എന്നെ കുറിച്ച് പറയുന്നത്'' എന്ന് ചോദിച്ചു. അങ്ങ് യോഹന്നാൻ സ്നാപകൻ ആണ് എന്ന് ചിലരും, ഏലിയാവാണെന്ന് മറ്റ് ചിലരും, എറമിയ അല്ലെങ്കിൽ ദീർഘദർശിമാരിൽ ഒരുവനെന്നും വേറെ ചിലരും പറയുന്നുണ്ട് എന്ന് പറഞ്ഞു. എന്നാൽ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത് എന്ന് യേശു ചോദിച്ചപ്പോൾ ശെമവോൻ കീഫ അങ്ങ് ജീവനുള്ള ദൈവത്തിന്റെ പുത്രനായ മ്ശിഹാ ആകുന്നു എന്ന് ഉത്തരം പറഞ്ഞു. യേശു അവനോട് യൗനായുടെ മകനായ ശെമഓനെ നീ ഭാഗ്യവാൻ എന്തെന്നാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവല്ലാതെ ജഡവും രക്തവുമല്ല ഇത് നിനക്ക് വെളിപ്പെടുത്തിയത്. ഞാനും നിന്നോട് പറയുന്നു നീ കേഫയാകുന്നു, ഈ പാറമേൽ ഞാൻ എന്റെ സഭ പണിയും പാതാള വാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഞാൻ നിനക്ക് തരും. നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടതായിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നത് സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും എന്നു പറഞ്ഞു (വി. മത്തായി 16:13-19). വി. പത്രോസ് ശ്ലീഹാ ഏറ്റ് പറഞ്ഞ സത്യ വിശ്വാസത്തിലാണ് വി. സഭ പണിയപ്പെട്ടിരിക്കുന്നത്.

കർത്താവിന്റെ പരസ്യശുശ്രൂഷയുടെ സുപ്രധാനസന്ദർഭങ്ങളിലും താൻ ഉയിർത്തെഴുന്നേറ്റതിന് ശേഷവും വി. പത്രോസ് ശ്ലീഹായെ മറ്റ് ശ്ലീഹന്മാരേക്കാൾ കൂടുതലായി പല കാര്യങ്ങളും ഭരമേൽപ്പിച്ചിരുന്നു.

1) വി. പത്രോസ് ശ്ലീഹായെ ആദ്യം കണ്ടപ്പോൾ തന്നെ പാറ എന്നർത്ഥമുള്ള ''കീഫ'' എന്ന പേര് നൽകി.

2) വി. പത്രോസ് ഏറ്റ് പറഞ്ഞ വിശ്വാസത്തിൽ വി. സഭയെ പണിയുകയും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഏല്പിക്കുകയും കെട്ടുവാനും, അഴിക്കുവാനുമുള്ള അധികാരവും കൊടുക്കുന്നു.

3) പുനരുത്ഥാനത്തിനുശേഷം തന്റെ കുഞ്ഞാടുകളേയും, പെണ്ണാടുകളേയും, ആടുകളേയും മേയിക്കുന്നതിനുള്ള ചുമതല ഏല്പിക്കുന്നു (വി. യോഹന്നാൻ 21:15-17).

4) 12 ശ്ലീഹന്മാരിൽ വി. പത്രോസ് ശ്ലീഹായ്ക്ക് മാത്രമാണ് ദിവ്യ വെളിപാടുകൾ ഉണ്ടായത്. അവ യേശു ദൈവപുത്രനാണെന്നുള്ള വെളിപാട്, മറുരൂപ മലയിൽ യേശു സംസാരിച്ച് കൊണ്ടിരുന്നത് മോശയും ഏലിയാവും ആണെന്നുള്ള അറിവ്, അനന്യാസും സഫീറായും പരിശുദ്ധാത്മാവിനോട് വഞ്ചനകാണിച്ചു എന്നുള്ള അറിവ്.

യേശുവിന്റെ സംസ്ക്കാരത്തിനും പുനരുദ്ധാനത്തിനുമിടയ്ക്കുള്ള തന്റെ പാതാള പ്രവേശനവും, പ്രസംഗവും മനസ്സിലാക്കിയതും വി. പത്രോസ് ശ്ലീഹായാണ്.

5) വിജാതിയരുടെ സഭാ പ്രവേശനത്തെക്കുറിച്ച് യോപ്പായിൽ വച്ചുള്ള വെളിപാട് ഉണ്ടായതും വി. പത്രോസ് ശ്ലീഹായ്ക്കാണ്.

6) കർത്താവ് ശീമോനുവേണ്ടി അത്ഭുതകരമായി മത്സ്യത്തിന്റെ ഉള്ളിൽ നിന്ന് നാണയം എടുത്ത് തലവരി പണം കൊടുപ്പിച്ചു.

7) പെന്തിക്കോസ്തി ദിവസം ആദ്യമായി പ്രസംഗിച്ച് 3000 പേരെ വി. സഭയിൽ ചേർത്തു.

8) വഞ്ചക ശിഷ്യനായ യൂദായ്ക്ക് പകരം ശിഷ്യനെ തിരഞ്ഞെടുക്കണമെന്ന് നിർദ്ദേശിച്ചതു വി. പത്രോസ് ശ്ലീഹായാണ്.

9) വിജാതിയരുടെ സഭാപ്രവേശനത്തെ കുറിച്ച് യരുശലേമിൽ കൂടിയ സുന്നഹദോസിൽ കാര്യം അവതരിപ്പിച്ച് ചർച്ച ചെയ്തത് വി. പത്രോസ് ശ്ലീഹായാണ്.

10) കർത്താവ് ഉയിർത്തെഴുന്നേറ്റു എന്നറിഞ്ഞ് കമ്പറിങ്കൽ വി. പത്രോസിനെക്കാൾ മുമ്പ് വി.യോഹന്നാൻ എത്തിയെങ്കിലും കല്ലറയിൽ കടക്കാതെ പത്രോസിനെകാത്തിരിക്കുകയാണ് ചെയ്തത്. (വി. യോഹന്നാൻ 20:6 - 8).

11) ശ്ലീഹന്മാരിൽ വച്ച് ആദ്യമായി അത്ഭുതം പ്രവർത്തിച്ചത് വി. പത്രോസാണ്. സുന്ദരം എന്ന ഗോപുരവാതിൽക്കൽ വച്ച് യോഹന്നാൻ ശ്ലീഹായുടെ സാന്നിദ്ധ്യത്തിൽ മുടന്തനെസൗഖ്യമാക്കുന്നു. (പ്രക്സീസ് 3: 1 - 10).

12) തന്റെ ശിഷ്യന്മാരെ ഉറപ്പിക്കുന്നതിനുള്ള ചുമതല കൊടുക്കുന്നു. (വി. ലൂക്കോസ് 22:32).

പത്രോസ് ശ്ലീഹാ A.D. 37 ൽ അന്ത്യോഖ്യായിൽ സിംഹാസനം സ്ഥാപിക്കുകയും പാത്രിയർക്കീസിനെവാഴിച്ചാക്കുകയും ചെയ്തു. ഫെബ്രുവരി 22 ന് അതിന്റെ ഓർമ്മ പാത്രിയർക്കാ ദിനമായി വി. സഭ കൊണ്ടാടുന്നു.



നീറോ ചക്രവർത്തിയുടെ കാലത്ത് A.D. 67 ൽ റോമിൽ വച്ച് തലകീഴായി ക്രൂശിക്കപ്പെട്ട് രക്തസാക്ഷിയായി. തന്റെ കർത്താവിന്റെ തൃപ്പാദങ്ങളെ ചുംബിച്ച് കൊണ്ട് മരിക്കുവാൻ തക്കവണ്ണം തന്നെ തല കീഴായി ക്രൂശിക്കണമെന്ന് ശ്ലീഹ അപേക്ഷിച്ചത്

കൊണ്ടാണ് അപ്രകാരം ക്രൂശിച്ചത്.

ആകമാനസഭയിലെ സിംഹാസനങ്ങൾ നാല് എണ്ണമാണ്. അവ,

1) **അന്ത്യോഖ്യ** 2) **അലക്സാന്ത്രിയ** 3) **റോം** 4) **കുസ്തന്തീനോപോലീസ്**

A.D. 381 ലെ കുസ്തന്തീനോപോലീസ് പൊതു സുന്നഹദോസിൽ വച്ചാണ് കുസ്തന്തീനോപോലീസിനെഒരു സിംഹാസനമായി ഉയർത്തിയത്.

ആകമാനസഭയിലെ പൊതു സുന്നഹദോസുകൾ മൂന്ന് എണ്ണമാണ്. അവ,

1) **നിഖ്യ** 2) **കുസ്തന്തീനോപോലീസ്** 3)**എഫേസോസ്** ഒന്നും രണ്ടും സുന്നഹദോസുകൾ

ആകമാനസഭയിൽ വേദപരിതങ്ങളോ, തർക്കങ്ങളോ ഉണ്ടാകുമ്പോൾ പരിഹരിക്കുന്നതിന് വേണ്ടി ആകമാനസഭയിലെ മേലദ്ധ്യക്ഷന്മാർ കൂടുന്ന സമ്മേളനമാണ് പൊതുസുന്നഹദോസുകൾ. അപ്രകാരം A.D.325 ൽ 318 പിതാക്കന്മാർ പങ്കെടുത്ത നിഖ്യാ സുന്നഹദോസിൽ വച്ച് അറിയോസിന്റെ വേദവിപരീതം ശപിച്ച് തള്ളുകയും സിംഹാസനങ്ങളുടെ അധികാര പരിധി നിശ്ചയിക്കുകയും ചെയ്തു. അതനുസരിച്ച് അന്ത്യോഖ്യ സിംഹാസനത്തിന് അന്ത്യോഖ്യായും, ഇന്ത്യയുൾപ്പെടുന്ന കിഴക്കൊക്കെയുടെയും മേൽ അധികാരം ഉണ്ടായിരിക്കുമെന്നും തെഗ്രീസിലെ വലിയ മെത്രാപ്പോലീത്ത കാതോലിക്ക എന്ന് അറിയപ്പെടുമെന്നും തീരുമാനമുണ്ടായി. ഈ കാതോലിക്ക അന്ത്യോഖ്യ പാത്രിയർക്കീസിന് വിധേയനായിരിക്കുമെന്നും നിശ്ചയിക്കപ്പെട്ടു.

നിഖ്യ സുന്നഹദോസിന്റെ തീരുമാനപ്രകാരം മലങ്കര സഭയ്ക്ക് അന്ത്യോഖ്യ സിംഹാസനത്തിൽ നിന്ന് മാത്രമാണ് പൗരോഹിത്യ പിൻതുടർച്ചയുള്ള മേൽപ്പട്ടക്കാരെ ലഭിക്കുകയുള്ളൂ. വി. ആരാധനയിൽ നാം പാടുന്നതുപോലെ ദൈവം യിസ്രായേൽ ജനതയുടെ മുമ്പിൽ വച്ച് ദൈവത്തിന്റെ യഥാർത്ഥ പുരോഹിതൻ അഹറോൻ ആണെന്ന് തെളിയിച്ചു. സമാഗമനകൂടാരത്തിന്റെ മുമ്പിൽ വച്ച് അഹറോന്റെ വടി തളിർത്ത് ബദാം ഫലം കായ്ച്ചുവല്ലോ. അഹറോനോടൊപ്പം നിന്ന് മോശക്കും, മോശയിൽ നിന്ന് സ്ക്കറിയാക്കും, സ്ക്കറിയായിൽ നിന്ന് വി. യോഹന്നാൻ സ്നാപകനും, യോഹന്നാൻ സ്നാപകനിൽനിന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തുവിനും യേശുവിൽ നിന്ന് പത്രോസ് ശ്ലീഹായ്ക്കും, പത്രോസ് ശ്ലീഹായിൽ നിന്ന് പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായിലും അവിടെനിന്ന് മേൽപ്പട്ടക്കാരിലും, പട്ടക്കാരിലും ഈ പൗരോഹിത്യ നൽവരം ഇടമുറിയാതെ നിൽക്കുന്നു. അവരിൽ നിന്ന് വിശ്വാസികളായ നമ്മൾക്കും ഈ അനുഗ്രഹം ലഭിക്കുന്നു. അതുകൊണ്ട് മലങ്കര സഭയ്ക്ക് അന്ത്യോഖ്യ സിംഹാസനത്തെ വിട്ട് ഒരിക്കലും നിലനിൽക്കുവാൻ സാധിക്കുകയില്ല.

അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്ന് പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവ മലങ്കരയിൽ എഴുന്നുള്ളി മലങ്കര സഭയെ ഭരണ സൗകര്യത്തിനായി 7 ഭദ്രാസനങ്ങളാക്കി വിഭജിക്കുന്നതു വരെയും കോട്ടയം ആസ്ഥാനമായി മലങ്കര സഭയ്ക്ക് ഒരു ഭദ്രാസനവും ഒരു മെത്രാപ്പോലീത്തായും മാത്രമാണ് ഉണ്ടായിരുന്നത്.

മലങ്കര സഭയ്ക്ക് മെത്രാപ്പോലീത്താമാരെ ആവശ്യമായി വരുമ്പോൾ അന്ത്യോഖ്യാ സിംഹാസനത്തിലേക്ക് ആളെ അയച്ച് മേൽപ്പട്ടക്കാരെ വാഴിക്കുകയോ, അവർ ഇവിടെ വന്ന് മേൽപ്പട്ടക്കാരെ തെരെഞ്ഞെടുക്കുകയോ ചെയ്യുമായിരുന്നു.

യഹൂദാ ഗോത്രത്തിൽ ജനിച്ച യേശു തമ്പുരാന് വി. മാമോദീസായിലൂടെ യോഹന്നാൻ സ്നാപകനിൽ നിന്ന് പൗരോഹിത്യ നൽവരമാണ് ലഭിച്ചത്. ലേവി ഗോത്രത്തിൽ പുരോഹിതന് മാത്രമാണല്ലോ ബലി അർപ്പിക്കുന്നതിന് അധികാരമുള്ളത്. അത് യേശുവിന് മാമോദീസാ മൂലം ലഭിച്ചു.

വി. പൗലോസ് ശ്ലീഹ

ആരംഭകാലത്ത് വി. സഭയെ പീഡിപ്പിച്ചവരിൽ മുഖ്യനായിരുന്നു ശൗൽ. ആദ്യത്തെ രക്തസാക്ഷിയായ സ്തേപ്പാനോസ് സഹദായെ വധിക്കുവാൻ കല്ലെറിഞ്ഞവരുടെ വസ്ത്രം സൂക്ഷിച്ചത് ശൗലായിരുന്നു. (പ്രക്സീസ് 7: 58). ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ പോകുമ്പോൾ ദമസ്ക്കോസിന്റെ പടിവാതിക്കൽ വച്ച് അവന് കർത്താവിന്റെ വെളിപാടുണ്ടായി. (പ്രക്സീസ് 8:4). തുടർന്ന് മാനസാന്തരപ്പെട്ട ശൗൽ വി. പൗലോസായി വി.സഭയെ ഏറ്റവും അധികം പോഷിപ്പിച്ചു. A.D.36 ൽ ആണ് വി. പൗലോസ് ശ്ലീഹാ മാനസാന്തരപ്പെട്ടത്. മൂന്ന് മിഷനറി യാത്രകൾ നടത്തി. A.D. 65 ൽ നീറോ ചക്രവർത്തിയുടെ കാലത്ത് റോമിൽ വച്ച് ശിരച്ഛേദം ചെയ്ത് വധിക്കപ്പെട്ടു. വി. പൗലോസ് ശ്ലീഹായെ ശ്ലീഹന്മാരുടെ തലവനായ വി.പത്രോസ് ശ്ലീഹായോടൊപ്പം ഗണിക്കുന്നു. അവരുടെ രക്തസാക്ഷിത്വം ഒരേ ദിവസമാണെന്ന് കരുതപ്പെടുന്നു. പുറജാതികളുടെ അപ്പോസ്തലൻ എന്ന് അറിയപ്പെടുന്നു.

വി. വേദപുസ്തകത്തിൽ പുതിയ നിയമത്തിൽ 27 പുസ്തകങ്ങളിൽ 21 ലേഖനങ്ങളാണ്. അതിൽ 14 എണ്ണവും വി. പൗലോസ് ശ്ലീഹായാണ് എഴുതിയത്.

മാർ തോമ്മാശ്ലീഹായുടെ ഓർമ്മ – ദുഖ്നോനോ, ജൂലൈ 3

വി. തോമാശ്ലീഹായാണ് ഭാരതത്തിൽ സുവിശേഷം അറിയിച്ചത്. നമ്മുടെ മണ്ണിൽ വച്ച് രക്തസാക്ഷിയായി മരിച്ച് ഇവിടെതന്നെ ശ്ലീഹായെ കമ്പറടക്കി. ഇതിന്റെ ഓർമ്മ ഭാരതത്തിന് മാറാനായ പെരുന്നാളാണ്. A.D.52 ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയ വി. തോമാശ്ലീഹാ മദ്രാസ്സ് തീരത്ത് സുവിശേഷം അറിയിക്കവെ കുന്തം കൊണ്ട് കുത്തി മാരകമായി മുറിവേൽപ്പിച്ചു. ഡിസംബർ 18-ാം തീയതി ഇപ്രകാരം മുറിവേറ്റ ശ്ലീഹാ ഡിസംബർ 21-ാം തീയതി രക്തസാക്ഷിയായി മരണം പ്രാപിച്ചു. വി. ശ്ലീഹായെ മൈലാപ്പൂരിൽ അടക്കം ചെയ്തു. A.D. 396 ൽ വി. ശ്ലീഹായുടെ കമ്പറ്



തുറന്ന് തിരുശേഷിപ്പുകൾ അവിടെ നിന്നും സിറിയായിലെ ഉറഹാ (എഡേസ്സ) എന്ന പട്ടണത്തിലേക്ക് കൊണ്ട് പോയി. ശ്ലീഹായുടെ നാമത്തിൽ സ്ഥാപിച്ച പള്ളിയിൽ സംസ്ക്കരിച്ചു. അതിന്റെ അനുസ്മരണയാണ് ദുക്റോനോ പെരുന്നാൾ (ജൂലൈ 3).

വി. തോമാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച പള്ളികൾ

1) മാല്യങ്കര
2) നിരണം
3) പാലയൂർ
4) കോട്ടക്കാവ്
5) കോക്കമംഗലം
6) കൊല്ലം
7) നിലക്കൽ

പകലോമറ്റം, ശങ്കരപുരി, കളളി കാളിയാങ്കൽ എന്നീ ബ്രാഹ്മണകുടും ബങ്ങളിൽ നിന്ന് സ്ഥാനം കൊടുത്ത് പട്ടക്കാരെ വാഴിച്ചു.

ഉയിർത്തെഴുന്നേറ്റ യേശു തമ്പുരാന്റെ വിലാപ്പുറത്ത് തന്റെ കൈകൾ ഇട്ട് വിശ്വസിച്ചതിന്റെ പ്രതീകമായിട്ടാണ് തോമാശ്ലീഹായുടെ ചിത്രത്തിൽ വലതു കൈയ്യിലെ മൂന്ന് വിരലുകളിൽ രക്തത്തിന്റെ അടയാളം കാണുന്നത്.

തിരുവചനം എബ്രായർ 13:16

"ദരിദ്രന്മാരോടുള്ള കരുണയും ബന്ധവും നിങ്ങൾ മറക്കരുത്. എന്തെന്നാൽ ഇതു പോലുള്ള ബലികളിലാകുന്നു ഒരുവൻ ദൈവത്തെ പ്രീതിപ്പെടുത്തുന്നത്"

എപ്പോഴും ഓർമ്മയിൽ ഇരിക്കേണ്ട സംഗതികൾ

1) മരണം 2) ന്യായവിസ്താരം 3) അഗ്നി നരകം 4) സ്വർഗ്ഗരാജ്യം

വി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളും ശൂനോയോ നോമ്പാചരണവും

കർത്താവിന്റെ മനുഷ്യാവതാര ജീവിതവുമായി ബന്ധപ്പെട്ടിട്ടുള്ള വ്യക്തികളേയും അവരെ സംബന്ധിക്കുന്ന സംഭവങ്ങളേയും സ്മരിക്കുന്ന ദിനങ്ങൾ പെരുന്നാളുകളായി സഭ ആചരിച്ചു വരുന്നു. അവയിൽ പ്രധാനപ്പെട്ട വയാണ് ദൈവമാതാവിനെസംബന്ധിക്കുന്ന പെരുന്നാളുകൾ. ദൈവമാതാവിന്റെ സ്ഥാനം മറ്റുള്ള പരിശുദ്ധന്മാരിലും വലുതാണ്. രണ്ടാമത്തെ ഹവ്വായെന്നും, രണ്ടാമത്തെ സ്വർഗ്ഗമെന്നും മാതാവ് വിളിക്കപ്പെടുന്നു. സഭയുടെ പ്രതീകമായും കന്യകമാതാവിനെകണക്കാക്കുന്നുണ്ട്. ലോക രക്ഷകനെ 'മകനേ' എന്ന് വിളിക്കുവാനുള്ള പദവി ലഭിച്ച ഏക സ്ത്രീരത്നമാണ് കന്യകമറിയം. പുത്രൻ തമ്പുരാനോട് ഏറ്റവും അടുത്ത് നില്ക്കുവാൻ കൃപ ലഭിച്ച കന്യകമറിയാമിന്റെ മദ്ധ്യസ്ഥതയ്ക്ക് ഫലസിദ്ധി വളരെയാണ്. രോഗപീഢ, പിശാചുബാധ, ഞെരുക്കം, മനോവേദനതുടങ്ങിയ സങ്കടനിവർത്തിക്കും, കാര്യസാദ്ധ്യങ്ങൾക്കും വേണ്ടി പൂർവ്വപിതാക്കന്മാർ ദൈവമാതാവിനോടുള്ള പ്രാർത്ഥനനടത്തുക പതിവായിരുന്നു.

പിതാവായ ദൈവത്തിന്റെ ഇഷ്ടപുത്രിയായ, പരിശുദ്ധ റൂഹായുടെ മണവാട്ടിയായ, സ്നേഹത്തിന്റെ പാത്രമായ ആനന്ദത്തിന്റെ പനിനീർപുഷ്പമായ, സ്വർഗ്ഗത്തിന്റെ വാതിലായ, രോഗികളുടെ ഔഷധമായ, പാപികളുടെ സങ്കേത സ്ഥലമായ, വിലപിച്ചിരിക്കുന്നവരുടെ ആശ്വാസമായ, ഞെരുക്കത്തിലിരിക്കുന്നവരുടെ സന്തോഷമായ, സകല പരിശുദ്ധന്മാരുടേയും രാജ്ഞിയായ..... തുടങ്ങിയ വിശേഷണങ്ങളാൽ പൂർവ്വപിതാക്കന്മാർ ആത്മ നിറവോടെ സംബോധനചെയ്തിട്ടുള്ള വി. ദൈവമാതാവിന്റെ വാങ്ങിപ്പ് പെരുന്നാളും ശൂനോയോ നോമ്പാചരണവും 2012 ആഗസ്റ്റ് 10 മുതൽ 15 വരെ കത്തീഡ്രലിൽ കൊണ്ടാടുന്നു.

AD 905 ൽ സ്ഥാപിതമായ നമ്മുടെ കത്തീഡ്രലിന്റെ കല്ലിട്ട പെരുന്നാൾ കൂടിയാണിത്. പെരുന്നാൾ വിളംബരഘോഷയാത്രയോടുകൂടെ ചടങ്ങുകൾക്ക് തുടക്കം കുറിക്കുന്നു. ഘോഷയാത്ര, ഇടവകയുടെ പരിധിയിൽ വരുന്ന ദേവാലയങ്ങൾ, ചാപ്പലുകൾ, കുരിശുംതൊട്ടികൾ കേന്ദ്രീകരിച്ച് ക്രമീകരിച്ചിരിക്കുന്നു.

പ്രോഗ്രാം

10 മുതൽ 14 വരെ രാവിലെ 7.15 ന് വി. മൂന്നിന്മേൽ കുർബ്ബാന, പെരുന്നാൾ ദിനമായ 15-ാം തീയതി വി. അഞ്ചിന്മേൽ കുർബ്ബാന. വി. മൂന്നിന്മേൽ കുർബ്ബാനയും, വി. അഞ്ചിന്മേൽ കുർബ്ബാനയും വഴിപാടായി ഏറ്റുകഴിക്കുന്നതും, ഒരു ദിവസത്തെ ആരാധനയുടെ ചെലവ് വഴിപാടായി സമർപ്പിക്കുന്നതും അനുഗ്രഹമായിരിക്കും.

രാവിലെ 9 മുതൽ 11.30 വരേയും ഉച്ചകഴിഞ്ഞ് 2 മുതൽ 4.30 വരേയും കുടുംബസംഗമം, വനിതസംഗമം, വിദ്യാർത്ഥിസംഗമം, യുവജനസംഗമം, 60 ന് മേൽ പ്രായമുള്ളവരുടെ സംഗമം ഇവർക്കുള്ള പ്രത്യേക ക്ലാസ്സുകൾ.

വൈകിട്ട് 6.30 ന് സന്ധ്യാനമസ്ക്കാരവും, വിവിധ വിഷയങ്ങൾ സമർപ്പിച്ചുള്ള പ്രാർത്ഥനയും ധ്യാനവും. പ്രാർത്ഥനാ വിഷയങ്ങൾ പ്രയർ ബോക്സിൽ നിക്ഷേപിക്കുകയോ വൈദീകരെ ഏൽപ്പിക്കുകയോ ചെയ്യുക.

പെരുന്നാൾ പരിപാടികൾക്ക് നേതൃത്വം കൊടുക്കുന്ന കുടുംബയൂണിറ്റുകൾ.

10.08.2012 വെള്ളി : **മാർ ഏലിയാസ്, മാർ കൗമ, മാർ അഹത്തുള്ള, മാർ യാക്കോബ് ബുർദ്ദാന, മൊർത്ത് ശ്മൂനി, സെന്റ് ആൻഡ്രൂസ്.**

11.08.2012 ശനി : **മാർ ഇഗ്നേഷ്യസ്, മാർ ജൂലിയസ്, സെന്റ് മാത്യൂസ്, മാർ അപ്രേം, മാർ ഗബ്രിയേൽ, സെന്റ് ഫിലിപ്പ്, മാർ മിഖായേൽ**

13.08.12 തിങ്കൾ : **സെന്റ് ജോർജ്ജ്, മൊർത്ത് യൂലുത്തി, മാർ സേവേറിയോസ്, മാർ ബേസിൽ, സെന്റ് തോമസ്, സെന്റ് ജോൺസ്, മാർ ഗ്രീഗോറിയോസ്.**

14.08.2012 ചൊവ്വ : **സെന്റ് ജെയിംസ്, സെന്റ് പീറ്റേഴ്സ്, മാർ അത്താനാസിയോസ്, സെന്റ് പോൾസ്, മാർ ബഹനാം, സെന്റ് ജോസഫ്, മാർ ശെമവൂൻ.**

പെരുന്നാൾ അനുഗ്രഹകരമായിത്തീരുവാൻ സഹകരിക്കുക, പ്രാർത്ഥിക്കുക, പങ്കെടുക്കുക

ശ്രീ. എം.കെ. വർഗീസ്
(ചീഫ് കോ-ഓർഡിനേറ്റർ)

റവ.ഫാ. ബാബു വർഗീസ്
(വികാരി)